
# വർണ്ണം

# സെന്റ് മൈക്കിൾസ് എച്ച് എസ് എസ്

## കുടവെച്ചൂർ



# ഗാനം

ആ..ആ..ആ..

ഏഴ് സ്വരങ്ങൾ ഒന്നായ് ചേർത്ത്

പാടാം പുതിയൊരു ഗാനം

ഒരു മനസ്സോടെ  ഒന്നായ് ചേർത്ത്

പാടാം ജൂബിലി ഗാനം.


അറിവിന്റെ അരുവിയായ്

വിജ്ഞാനത്തെളിമയായ്

നാടിന്റെ നന്മയായ് നിൽക്കും

സെന്റ് മൈക്കിൾസ് സ്കൂളിന്

ആശംസ നേർന്നീടാം



# എന്റെ കൂട്ടുകാരി

എന്റെ കൂട്ടുക്കാരി
ജീവന്റെ ജീവനായ കൂട്ടുക്കാരി
ആദ്യമായി വന്ന വിദ്യാലയത്തിൽ
എൻകൂടെ കൈപിടിച്ച് വന്നവൾ നീ
നേരിന്റെ നേർവഴികളിലൂടെ
എന്റെ ജീവിതം നയിച്ചത് നീ കാലത്തിൽ
പരിമളം പടർത്തി നീ എൻ ജീവിതത്തിൽ
അങ്ങോട്ടും ഇങ്ങോട്ടും ആടുന്ന

ഒരു കുഞ്ഞു പൂവായ നീ

എന്തിന് എന്നെ തനിച്ചാക്കി പോയി

ഞാനൊന്നു കരയുമ്പോൾ നിറമിഴികളോടെ


എൻ അരികിലെത്തുന്ന നീയെവിടെ ?

നീ ഇല്ലാതെ എന്റെ ജീവിതത്തിൽ

പൂവുകൾ വിരിയാത്ത പൂക്കാലവുമായി

ആ പൂക്കാലത്തിൽ ഞാൻ തനിച്ചായി

# ജ്യാമിതീയ രൂപങ്ങൾ



പണ്ട് പണ്ട് ഗുരുകുലവിദ്യാഭ്യാസകാലത്ത് ഒരു

ഗുരുവിന്റെ അടുത്ത് കുറെ ശിഷ്യന്മാർ വിദ്യ

അഭ്യസിക്കാൻ വന്നു.എല്ലാവരും നന്നായി അഭ്യസിച്ചു.പക്ഷേ

ഒരാൾ മാത്രം ഗുരു അഭ്യസിപ്പിച്ചതൊന്നും

മനസ്സിലാക്കിയിട്ടില്ല. അതിനാൽ തനിക്കു മാത്രം

ഒന്നും ചെയ്യാൻ പറ്റില്ലാ എന്ന് ഒർത്ത് അവൻ

ഒന്നും ചെയ്യാതെയിരുന്നു.അങ്ങനെ വർഷങ്ങൾ

കടന്നുപോയി.വിദ്യ അഭ്യസനം ലേയ്ക്ക് പോയി.അവനും

പതിയെ വീട്ടിലേക്ക് നടന്നു.നടക്കുന്ന വഴി അവന്


ഭയങ്കരമായി ദാഹിച്ചു.അവൻ ചുറ്റും നോക്കി.അപ്പോൾ

അവിടെ ഒരു കിണർ കണ്ടു.ആ കിണറിനുനേരെ ലക്ഷ്യം

വച്ചുകൊണ്ട് അതിന്റെ നേരെ നടന്നു.അവൻ ആ

കിണറഅറ

കിണറ്റിലേക്ക് നോക്കി നല്ല തെളിഞ്ഞ ശുദ്ധജലം. വെള്ളം കോരാൻ തൊട്ടി നോക്കി.ആ തൊട്ടി കെട്ടിയിരിക്കുന്ന വള്ളി ഒരു കല്ലിൽ കൂടിയാണ് കിണറ്റിലേക്ക് ഇറങ്ങുന്നത്. അത് ഒരു വെറും കല്ലല്ല. കരിങ്കല്ല്.എല്ലാവരും വെള്ളം കോരാൻ ആ കല്ലിലൂടെ ആ വള്ളി വലിച്ച് വലിച്ച് ആ കല്ലിനു നടുക്ക് ഒരു കുഴിവ് വന്നിരിക്കുന്നു. അപ്പോൾ അവന് മനസ്സിലായി ഇത്രയും ചെറിയ ഒട്ടും ഭാരമില്ലാത്ത ഈ വള്ളിക്ക് ഈ കല്ലിനെ ഇങ്ങനെ മാറ്റാമെങ്കിൽ എന്തുകൊണ്ട് ഗുരു മൂലം എനിക്ക് മാറ്റം സംഭവിച്ചുകൂടാ.എനിക്ക് വിദ്യസിച്ചുകൂടാ എന്ന് അവൻ ചിന്തിച്ചു.അങ്ങനെ അവൻ ഗുരുവിന്റെ അടുത്തെത്തി.നടന്ന കാര്യമെല്ലാം അവൻ ഗുരുവിനോട് പറഞ്ഞു.എന്നിട്ട് അവൻ ആദ്യം മുതൽ വിദ്യ അഭ്യസിച്ച് ആ ഗുരുവിന്റെ ഏറ്റവും നല്ല ശിഷ്യരിൽ ഒരാളായി.



# തൂലികാനാമം

ഉറൂബ് :

പി സി കുട്ടികൃഷ്ണൻ

വിലാസിനി :

എം കെ മേനോൻ

ആശാൻ :

കുമാരനാശാൻ

മാധവിക്കുട്ടി :

കമലസുരയ്യ

# വിദ്യാലയം

നന്മക്കുതകുന്നൊരു
വിദ്യ കൈവശമാക്കാൻ
പോകുന്നു നമ്മളെല്ലാം
വിദ്യാലയത്തിലിപ്പോൾ
കാര്യകാരണങ്ങളും
ശാസ്ത്രസാഹിത്യങ്ങളും
നീതിധർമ്മാദികളും
തത്ത്വശാസ്ത്രങ്ങളെയും
അറിവു നേടാനായി
പൊന്നതാം ധൈര്യത്തിനായ്
ക്ഷണിപ്പൂ വിജ്ഞാനത്തിൽ
ഉറവിടമാം ക്ഷേത്രം
എന്തിനോ വേണ്ടിയല്ല
വെറുതെ പാഴ് വാക്കല്ല

നാളെയാകും സത്യത്തിൻ
നായകനതാകുവാൻ.
അറിവിൻ കലവറ-
യാകുമീ സരസ്വതീ
ക്ഷേത്ര്രത്തിൽ നിന്നുമിപ്പോൾ
ജ്ഞാനപ്പൂന്തേനുവിൻ.

# സൗഹൃദം



# നന്ദിയോടെ

ഇതിന്റെ താളുകളിൽ
അക്ഷരങ്ങൾ കുറിച്ചവർ,നിറങ്ങ-
ളാൽ  ചാരുത പകർന്നവർ.

സ്വർണ്ണ നിമിഷങ്ങൾ ക്യാമറയി-
ൽ പകർത്തി നൽകിയവർ.

ആരേയും മറക്കുന്നില്ല,മറക്കാ-
നാകുകയുമില്ല

നന്ദി...നന്ദി...ഒരായിരം
നന്ദി